# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **30-07-2021 - ൽ മറുപടിയ്ക്ക്**

### തോട്ടപ്പള്ളി സ്പിൽ വേയിലേക്കുള്ള ഡ്രെഡ്ജിംഗ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടപ്പള്ളി സ്പിൽ വേയിലേക്കുള്ള ഡ്രെഡ്ജിങ് പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | തോട്ടപ്പള്ളിയിൽ വീയ്യപുരം മുതൽ സ്പിൽവേ വരെയുള്ള പ്രദേശം ഡ്രെഡ്ജ് ചെയ്യുന്ന മണൽ നിക്ഷേപിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം പദ്ധതി പ്രദേശത്ത് പരിമിതമായ തിനാൽ എടുക്കുന്ന മണൽ നീക്കം ചെയ്യതിനു ശേഷം മാത്രമേ പദ്ധതി തുടരാൻ സാധിക്കുന്നുള്ളു. ഇത് പദ്ധതിയുടെ നടത്തിപ്പിന് കാലതാമസം നേരിടുന്നതിനുള്ള ഒരു പ്രധാന കാരണം ആണ്. കൂടാതെ ഇടവിട്ടുണ്ടാകുന്ന കോവിഡ് നിയന്ത്രണങ്ങൾ പദ്ധതിയുടെ നടത്തിപ്പിന് തടസ്സമാകുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നാണ് തുടങ്ങിയതെന്നും ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ; | (ബി) | 19.02.2020-ൽ ആരംഭിച്ചു. അടങ്കൽ തുക(താല്പര്യ പത്രം) 11,90,77,180/- രൂപയാണ്. പൂർത്തീകരണ കാലാവധി 14.09.2021-വരെ ദീർഘിപ്പിച്ച് നൽകണമെന്ന് കോൺട്രാക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ ഡ്രെഡ്ജറുകൾ ഉപയോഗിച്ച് ഈ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ഇതുവരെ പൂർത്തിയാക്കിയ ഈ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | താൽപര്യ പത്രപ്രകാരം 3 ലക്ഷത്തോളം ഘനമീറ്റർ മണൽ സ്വന്തം ചെലവിൽ മണ്ണിന്റെ വിലയും മറ്റു നികുതികളും നല്കി നീക്കം ചെയ്യുന്നതിനായിരുന്നു കരാർ. എന്നാൽ ഇതുവരെ 20,000 ഘന മീറ്റർ മണൽ മാത്രമേ നീക്കം ചെയ്തിട്ടുള്ളു. കൂടാതെ മഴമൂലം ഉണ്ടായിട്ടുള്ള വെള്ളപ്പൊക്കം കാരണം പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്. കൂടുതൽ ഡ്രെഡ്ജറുകൾ എത്തിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ